CCM( 34) 2014-15

**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 11.02.2015-ലെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8 മണിക്ക് ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ബഹു. ഗ്രാമവികസന വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 04.02.2015-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

**2.1 പദ്ധതി നിർവഹണ പുരോഗതി അവലോകനം**

സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും കൂടി 2014-15 സാമ്പത്തിക വർഷം ഇതുവരെ ആകെ 3018.61 കോടി രൂപ ചെലവഴിച്ചു. ഇത് ചെലവിന്റെ 43 ശതമാനമാണ്. ഗ്രാമപഞ്ചായത്തുകൾ 1711.09 കോടി രൂപയാണ് ചെലവഴിച്ചത്. ഇത് 40.80 ശതമാനമാണ്. മുൻവർഷം ഇതേ കാലയളവിൽ ചെലവ് ശതമാനം 44.81 ആയിരുന്നു. ബ്ലോക്ക് പഞ്ചായത്തുകൾ 391.66കോടി രൂപയും (66.79 ശതമാനം മുൻവർഷം 59 ശതമാനം), ജില്ലാ പഞ്ചായത്തുകൾ 473.84കോടി രൂപയും (35.98 ശതമാനം - മുൻവർഷം 36ശതമാനം) ചെലവഴിച്ചു. മുനിസിപ്പാലിറ്റികൾ 258.05 കോടി രൂപയും (38 ശതമാനം - മുൻ വർഷം 39 ശതമാനം), കോർപ്പറേഷനുകൾ **183.95** കോടി രൂപയും (27.5 ശതമാനം - മുൻ വർഷം 27 ശതമാനം) ആണ് ചെലവഴിച്ചത്.

വികസനഫണ്ടിനത്തിൽ ആകെ 2099.59 കോടി രൂപ (38.61 ശതമാനം)യും ഗ്രാമപഞ്ചായത്തുകൾ 1143.96 കോടിരൂപ (41 ശതമാനം)യും ബ്ലോക്ക് പഞ്ചായത്തുകൾ **325.79** കോടി രൂപ (48.07 ശതമാനം) യും ജില്ലാ പഞ്ചായത്തുകൾ 308.67കോടി രൂപയും, മുനിസിപ്പാലിറ്റി 188.13 കോടി രൂപ (33 ശതമാനം) കോർപ്പറേഷനുകൾ 132.93 കോടി രൂപ (**24.55** ശതമാനം)യും ചെലവഴിച്ചതായും കാണപ്പെട്ടു.

**2.2** മറയൂർ, ചിന്നക്കനാൽ, മാങ്കുളം പഞ്ചായത്തുകളിൽ ഗുണഭോക്തൃസമിതികൾ മുഖേന പ്രവൃത്തികൾ ഏറ്റെടുക്കുന്നത് താൽക്കാലികമായി നിറുത്തി വയ്ക്കാൻ നേരത്തേ കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നു. പ്രസ്തുത പഞ്ചായത്ത് പ്രസിഡന്റുകളുടെ അപേക്ഷ പരിഗണിച്ച് അവിടങ്ങളിൽ ഗുണഭോക്തൃ സമിതി പ്രവർത്തനം പുനരാരംഭിക്കാൻ അനുവദിക്കണമെന്ന പഞ്ചായത്തു ഡയറക്ടറുടെ അഭ്യർത്ഥന യോഗം അംഗീകരിച്ചു.

2.3 നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ കുടുംബങ്ങൾക്ക് പഞ്ചായത്തിൽ സ്ഥല ലഭ്യത പരിമിതമായതിനാൽ ഭവന പദ്ധതിക്കായി സമീപ പഞ്ചായത്തുകളിൽ സ്ഥലം വാങ്ങി നൽകാൻ അനുവദിച്ചു തീരുമാനിച്ചു.

2.4 വിനോദ സഞ്ചാര പ്രാധാന്യമുള്ള പ്രദേശം എന്ന നിലയിൽ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിൽ മൂന്ന് എൽ.ഇ.ഡി. തെരുവുവിളക്ക് സ്ഥാപിക്കുന്നതിന് പ്രത്യേക കേസായി അനുമതി നൽകി തീരുമാനിച്ചു

2.5 ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രം വാങ്ങുന്നതിന് സംസ്ഥാന ഇലക്ഷൻ കമ്മീഷൻ നൽകേണ്ട 4.5 കോടി രൂപ ഉറവിടത്തിൽ നിന്നും കുറവു ചെയ്തു നൽകാൻ അനുവദിച്ചു തീരുമാനിച്ചു.

2.6 ത്രിതല പഞ്ചായത്തുകൾ 2014-15-ലെ പദ്ധതി വിഹിതത്തിൽ തൻവർഷം ചെലവഴിക്കാൻ സാദ്ധ്യതയില്ലാത്ത ഫണ്ട് ഐ.എ.വൈ. ഭവന പദ്ധതിക്ക് നൽകാൻ അനുവദിച്ചു.

2.7ജവഹർ ഭവന പദ്ധതിക്കായി ഒരു വാർഡിൽ ഒരു വീടു വീതം ഏറ്റെടുക്കുന്നതിന് രണ്ട് ലക്ഷം രൂപ ക്രമത്തിൽ തുക വകയിരുത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് തീരുമാനിക്കാമെന്നും അനിവാര്യ വകയിരുത്തലായി അതു പരിഗണിക്കേണ്ടതില്ലെന്നും തീരുമാനിച്ചു. 12.22.2014–ലെ കോഓർഡിനേഷൻ കമ്മിറ്റിയുടെ 2.3 ഇനം തീരുമാനത്തിൽ അതു പ്രകാരം ഭേദഗതി വരുത്താനും നിർദ്ദേശിച്ചു.

2.8 അടുത്ത സാമ്പത്തിക വർഷത്തെ (2015–16) പദ്ധതി രൂപീകരണത്തിനുള്ള നടപടി ആരംഭിക്കുന്നതിന് എല്ലാ ജില്ലാ ആസൂത്രണസമിതികളും അടിയന്തിരമായി ചേരേണ്ടതാണെന്നും, മുൻവർഷ പദ്ധതിക്കുള്ള അടങ്കൽ തുക തന്നെ വകയിരുത്തി അടുത്ത വർഷത്തെ പദ്ധതി രൂപീകരിക്കേണ്ടതാണെന്നും യോഗം തീരുമാനിച്ചു.

2.9 ഭിന്നശേഷിയുള്ള അർഹരായ ഗുണഭോക്താക്കൾക്ക് സ്ക്കൂട്ടർ വിത്ത് സൈഡ് വീൽ നൽകാൻ അനുവദിച്ചുകൊണ്ടുള്ള തീരുമാനം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ബാധകമാണെന്ന് സ്പഷ്ടീകരണം നൽകി തീരുമാനിച്ചു. ഗ്രാമസഭ/വാർഡ്സഭ അംഗീകരിച്ച ലിസ്റ്റിൽ നിന്ന് കണ്ടെത്തിയ ഗുണഭോക്താക്കൾക്ക് മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്ക്കൂട്ടർ വിതരണം ചെയ്യാൻ പാടുള്ളുവെന്നും നിർദ്ദേശിച്ചു.

2.10 ചില ഗ്രാമപഞ്ചായത്തുകളിലെ അസിസ്റ്റന്റ് സെക്രട്ടറിമാർക്ക് ഇപ്പോഴും ഡി.ഡി.,ഒ കോഡ് ലഭിച്ചിട്ടില്ലെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചതു പ്രകാരം ഇതു സംബന്ധിച്ച നിർദ്ദേശം ട്രഷറികൾക്ക് നൽകാൻ ധനകാര്യ വകുപ്പിനെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

2.11 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ ഉൾപ്പെട്ട നാഷണൽ ഹൈവേയുടെ ഓരങ്ങളിൽ സിംഗിൾ ട്യൂബ് ലൈറ്റ്സെറ്റ് ഉപയോഗിച്ച് തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിന് ഓപ്പൺ ടെണ്ടർ നടപടി സ്വീകരിക്കാനും, ഇൻസുലേഷൻ ഉൾപ്പെടെ 18 മാസ ഗ്യാരണ്ടി ഉറപ്പുവരുത്താനും നടപടി സ്വീകരിക്കാൻ ഗ്രാമപഞ്ചായത്തുകളെ അനുവദിച്ചു തീരുമാനിച്ചു. പുതുതായി സ്ഥാപിക്കുമ്പോൾ എൽ.ഇ.ഡി. വിളക്കുകൾ മാത്രമേ ഉപയോഗിക്കാവൂ എന്ന മാർഗരേഖാമാനദണ്ഡം ഭേദഗതി ചെയ്യാനും യോഗം തീരുമാനിച്ചു.

## 3 പ്രത്യേക വിഷയങ്ങൾ

### 3.1 കോട്ടയം ജില്ലാ പഞ്ചായത്ത്

2014–15 വാർഷിക പദ്ധതിയിൽപ്പെടുത്തി 25 ലക്ഷം രൂപ അടങ്കലിൽ എസ്.സി. വിദ്യാർത്ഥികളെ ഉന്നതതല ഉദ്യോഗങ്ങൾക്കായുള്ള പരീക്ഷയ്ക്ക് സജ്ജമാക്കാൻ വേണ്ടിയുള്ള മൂന്നു മാസത്തെ പരിശീലന പരിപാടിക്ക് അനുമതി ആവശ്യപ്പെട്ടത് അനുവദിക്കേണ്ടതില്ലെന്നും, സർക്കാരിന്റെ കീഴിലെ അംഗീകൃത സ്ഥാപനങ്ങളിൽ എസ്.സി. വിദ്യാർത്ഥികൾക്ക് ചേർന്ന് പഠിക്കാൻ നിലവിൽ സംവിധാനമുണ്ടെന്നും യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.2 കോട്ടയം ജില്ലാ പഞ്ചായത്ത്

2014–15 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ/എയ്ഡഡ് സ്ക്കൂളുകളിലെ 8, 9 ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകാൻ 150 ലക്ഷം രൂപ വകയിരുത്തിയ പദ്ധതിക്ക് അംഗീകാരം നൽകി തീരുമാനിച്ചു . എന്നാൽ സ്ക്കൂളുകൾ വഴി വിതരണം ചെയ്യുന്ന തരത്തിൽ സുതാര്യമായി പർച്ചേസ് നടത്തണമെന്നും മറ്റു പഞ്ചായത്തുകളും വകുപ്പും നൽകിയിട്ടുണ്ടോ എന്നു പരിശോധിച്ച് ഇരട്ടിപ്പ് വരാതെ നോക്കേണ്ടതാണെന്നും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ**

പദ്ധതി നിർവഹണത്തോടനുബന്ധിച്ച് വ്യക്തിഗത ഗുണഭോക്തൃ ലിസ്റ്റ് രണ്ട് സർക്കാർ ഉദ്യോഗസ്ഥർ പരിശോധിക്കണമെന്ന വ്യവസ്ഥ ഒഴിവാക്കണമെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 മലപ്പുറം ജില്ലാ പഞ്ചായത്ത്**

വികേന്ദ്രീകൃതാസൂത്രണ പദ്ധതിയിൽ വാർഷിക പദ്ധതി രൂപീകരണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കാനും മറ്റും സ്വകാര്യ എഞ്ചിനീയർമാരുടെ സേവനം വിനിയോഗിക്കാൻ അനുവദിക്കണമെന്ന വിഷയം പരിഗണിക്കേണ്ട തില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം 117250/ഡി.എ2/15/തസ്വഭവ)**

പുതുതായി ആരംഭിച്ച കീഴ്മാട് വില്ലേജ് ഓഫീസിനു പ്രവർത്തിക്കാൻ വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച വനിത വ്യവസായ കേന്ദ്രം കെട്ടിടം വാടകയ്ക്ക് നൽകാവുന്നതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

**3.6 ഏലൂർ മുനിസിപ്പാലിറ്റി**

ഏലൂർ മുനിസിപ്പാലിറ്റിയിലെ 5-ാം വാർഡിലെ എസ്.സി. കോളനിയിലെ 71 വീടുകൾ തമ്മിൽ വേർതിരിക്കാനും ഇടമതിൽ കെട്ടാനും മുഴുവൻ വീടുകൾക്കും ചുറ്റുമതിൽ കെട്ടാനും ഗേറ്റ് സ്ഥാപിക്കാനും പഴയ വീടുകൾക്ക് അറ്റകുറ്റപ്പണികൾ നടത്താനുമുള്ള 60 ലക്ഷം രൂപയുടെ പ്രോജക്ടിന് അംഗീകാരം ആവശ്യപ്പെട്ടത് അംഗീകരിക്കേണ്ടതില്ലെന്നും എന്നാൽ ഇക്കാര്യം സ്റ്റേറ്റ്പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ പരിശോധിക്കേണ്ടതാണെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 മണലൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം. ഇ-113579/ഡി.എ2/14/തസ്വഭവ)**

**(ബഹു. മണലൂർ എം.എൽ.എ. ശ്രീ. പി.എ മാധവൻ മുഖേന)**

മണലൂർ ഗ്രാമപഞ്ചായത്ത് 2014-15 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.സി. വിഭാഗം വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകുന്നതും പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന എസ്.സി. വിഭാഗം വിദ്യാർത്ഥികൾക്ക് ടാബ്ലറ്റ് പി.സി.നൽകുന്നതിനും നിലവിൽ വ്യവസ്ഥ യുള്ളതായി നിരീക്ഷിച്ചു. പഠിക്കുന്ന വിദ്യാലയങ്ങളിൽ നിന്നുള്ള ലിസ്റ്റ് അനുസരിച്ച് സുതാര്യമായ നടപടികൾ വഴി പർച്ചേസ് നടത്തി മറ്റു സ്ഥാപനങ്ങളിൽ നിന്ന് ഈ ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന് ഉറപ്പുവരുത്തി നടപ്പാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 ഊരകം ഗ്രാമപഞ്ചായത്ത് ഫയൽ നം. 72482/ഡി.ബി.2/14/തസ്വഭവ)**

ബഡ്സ് സ്ക്കൂൾ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് 12.112014 കോഓർഡിനേഷൻ കമ്മിറ്റിയോഗം ഇനം 3.15 പ്രകാരം കൈക്കൊണ്ടു തീരുമാനം നടപ്പിലാക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് ഫയൽ നം. 66044/ഡി.എ.2/13/തസ്വഭവ)**

ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള ക്ഷേത്രത്തിന് ചുറ്റുമുള്ള റോഡ് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ടാർ ചെയ്യുന്ന നടപടിക്ക് അനുമതി നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 പട്ടികവർഗ വികസന വകുപ്പ് (ഫയൽ നം.2889/ഇ.പി.എ3/15/തസ്വഭവ)**

പട്ടികവർഗ വികസന ഡയറക്ടർ സമർപ്പിച്ച തൊഴിലധിഷ്ഠിത പരിപാടി സംബന്ധിച്ച് വിശദമായ റിമാർക്കസ് സമർപ്പിക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 നിലത്തെഴുത്ത് ആശാൻമാർക്ക് ഗ്രാന്റ് അനുവദിക്കുന്നത് സംബന്ധിച്ച്**

**ഫയൽ നം.506/ഇ.പി.എ2/14/തസ്വഭവ)**

നിലത്തെഴുത്ത് ആശാൻമാർക്ക്/ആശാട്ടികൾക്ക് പഞ്ചായത്ത് മുഖേന ഗ്രാന്റ് നൽകുന്നത് സംബന്ധിച്ച് നിലവിലുള്ള സ്ഥിതി തുടരാൻ അനുവദിച്ചു. കളരി സ്ക്കൂളുകൾ പ്രവർത്തിക്കുന്നുവെന്ന് തദ്ദേശഭരണ സ്ഥാപന സെക്രട്ടറിമാർ സർട്ടിഫൈ ചെയ്യേണ്ടതാണെന്നും, പൂരകപോഷകാഹാരം നൽകുന്നത് തുടരാവുന്നതാ ണെന്നും നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 താനാളൂർ ഗ്രാമപഞ്ചായത്ത്**

പാലിയേറ്റീവ് കെയർ പദ്ധതിക്ക് വാഹനം വാടകയ്ക്കെടുക്കുകയാണ് ഉചിതമെന്ന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 കാളികാവ് ബ്ലോക്ക് പഞ്ചായത്ത്**

2014-15 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി എടപ്പറ്റ ഗ്രാമപഞ്ചായത്തുമായി ചേർന്ന് ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനള്ള സംയുക്ത പദ്ധതിക്ക് പ്രത്യേക അനുമതി ആവശ്യപ്പെട്ടത് അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 ആനക്കയം ഗ്രാമ പഞ്ചായത്ത്**

**(ബഹു. മലപ്പുറം എം.എൽ.എ ശ്രീ. പി.ഉബൈദുള്ള മുഖാന്തിരം)**

സ്ട്രീറ്റ് മെയിൻ ഇല്ലാത്ത സ്ഥലങ്ങളിലെ പോസ്റ്റുകളിൽ സി.എഫ്.എൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കണമെന്ന ആവശ്യം കെ.എസ്.ഇ.ബി. വഴി നടത്താൻ അനുമതി നൽകി തീരുമാനിച്ചു. വൈദ്യുതി പാഴാകുന്നില്ലെന്ന് ഉറപ്പുവരുത്താൻ സമീപവാസികളുൾപ്പെട്ട ഗുണഭോക്തൃ സമിതിയെ ചുമതലപ്പെടുത്തണമെന്നും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 കുന്ദമംഗലം ഗ്രാമപഞ്ചായത്ത്**

സി.സി. ടി.വി. ക്യാമറ സ്ഥാപിക്കുന്നതിനുള്ള പദ്ധതി സംബന്ധിച്ച് എ.എം.സി ഉൾപ്പെടെ വിശദമായ സ്കീം തയ്യാറാക്കി സമർപ്പിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 മങ്കട ബ്ലോക്ക് പഞ്ചായത്ത്**

മങ്കട ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന സഞ്ജീവനി പദ്ധതിക്ക് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 എറണാകുളം ജില്ലാ പഞ്ചായത്ത്**

ജില്ലാ പഞ്ചായത്തിന്റെ ഐ.എ.വൈ. പദ്ധതി വിഹിതം പൂർണ്ണമായി വകയിരുത്തിയിട്ടില്ലെങ്കിലും പ്രോജക്ടിന് അനുമതി നൽകാനും ബാക്കി തുക കണ്ടെത്തി നൽകേണ്ടതാണെന്നും നിർദ്ദേശം നൽകാനും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 പത്തനംതിട്ട ജില്ല പഞ്ചായത്ത്  (ഫയൽ നം. 768/ഡി.ബി.3/15/തസ്വഭവ)**

ഇ–ടോയ്ലറ്റുകൾ നവീകരിക്കണമെന്ന ആവശ്യം 28.01.2015–ലെ കോഓർഡിനേഷൻ കമ്മിറ്റി ഇനം 3.11 പ്രകാരം തീരുമാനിച്ചത് മാറ്റേണ്ടതില്ലെന്നും അലങ്കാര മത്സ്യക്കൃഷി സഹകരണ സംഘത്തിന് ധനസഹായം നൽകേണ്ട ആവശ്യം പരിഗണിക്കേണ്ടതില്ലെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 പത്തനംതിട്ട ജില്ലാ പഞ്ചായത്ത്**

2014–15 വാർഷിക പദ്ധതിയിലുൾപ്പെടുത്തി അപ്പർ കുട്ടനാട് മേഖലയിലെ ജലനിർഗമന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് തോട് ആഴം കൂട്ടുന്ന പ്രവൃത്തി തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുന്നതിന് നിർദ്ദേശിച്ചിരുന്നത് സുരക്ഷിതമല്ലാത്തതാണെന്നും പകരം യന്ത്രങ്ങൾ ഉപയോഗിക്കുന്നതിന് അനുവദിക്കണ മെന്ന് ആവശ്യപ്പെട്ടത് അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 നാവായിക്കുളം  ഗ്രാമപഞ്ചായത്ത്**

പൊതു തീരുമാനം 2.11 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം രാവിലെ 9.15–ന് അവസാനിച്ചു)

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം 2015 ഫെബ്രുവരി 25ന് രാവിലെ 8 മണിക്ക് ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ കൂടുന്നതിന് തീരുമാനിച്ചു.***